ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന കെട്ടിട നിർമ്മാണങ്ങളിലെ പരിശോധനകളിൽ അംഗീകൃത പ്ലാൻ നിയമാനുസൃതമാണോ എന്നും അംഗീകൃത പ്ലാനുകളിൽ നിന്ന് വ്യതിചലിച്ച് ചട്ടലംഘനത്തോടുകൂടിയാണോ നിർമ്മാണം പുരോഗമിക്കുന്നത് എന്നും പരിശോധിക്കുന്നുണ്ട്. ഇത്തരത്തിലൂടെയുള്ള നിരന്തര പരിശോധനയിലൂടെ അനധികൃത നിർമ്മാണം നിയന്ത്രിക്കാനും തടയാനും സാധ്യമാണ്.

നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മുഖേന അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിച്ച് ഇവർക്കെതിരെ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നു. അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുവാൻ അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഉദ്യോഗസ്ഥരെ നിയോഗിച്ചുവരുന്നു.

സൈബർ ദർശൻ പദ്ധതി

29 (*299) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സി-ഡിറ്റ് സൈബർ ദർശൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സൈബർ സുരക്ഷാ ബോധവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) സി-ഡിറ്റ് സൈബർ ദർശൻ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരളത്തിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച പദ്ധതിയാണ് സൈബർ ദർശൻ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ ഇന്റർനെറ്റിന്റെ ഉപയോഗം സമീപ വർഷങ്ങളിലായി കത്തനെ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതിന് സമാനമായി സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണവും പെരുകി വരുന്നു. കേരളത്തിലെ സ്കൂൾ കുട്ടികൾക്കിടയിൽ ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപകമാകുന്നതിന് അനുസൃതമായി ഇവർക്കിടയിൽ ഇന്റർനെറ്റിന്റെ ദുരുപയോഗവും വ്യാപകമാവുകയാണ്. ഈ സാഹചര്യത്തിൽ സ്കൂൾ കുട്ടികൾക്കിടയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ വ്യാപകവും നീണ്ടുനിൽക്കുന്നതുമായ അവബോധ പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് സൈബർ ദർശൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ ജില്ലകളിലെയും സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കിടയിൽ ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ വ്യാപകമായ അവബോധം സൃഷ്ടിക്കുക എന്നതാണ് സൈബർ ദർശൻ പദ്ധതിയുടെ ആദ്യഘട്ടം. സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും അവർ പിന്നീട് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇടയിൽ അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. രണ്ടാംഘട്ടത്തിൽ സ്കൂളുകളിൽ സൈബർ ക്ലബ്ബുകൾ രൂപീകരിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകൻ/അദ്ധ്യാപിക, അദ്ധ്യാപക പ്രതിനിധി, പി.ടി.എ. ഭാരവാഹി, ഏതാനും വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ അടങ്ങുന്നതായിരിക്കും സ്കൂളുകളിലെ സൈബർ ക്ലബ്ബുകൾ. അതത് സ്കൂളുകളിലെ ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സൈബർ കുറ്റങ്ങൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ, മറ്റ് തനത് പരിപാടികൾ എന്നിവയായിരിക്കും സൈബർ ക്ലബ്ബുകളുടെ പ്രവർത്തന മേഖല. ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെ ഉത്തരവാദിത്വത്തോടെ ഇന്റർനെറ്റ് ഉപയോഗിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ ആവുമെന്നാണ് സൈബർ ദർശൻ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

(ഡി) ഇപ്പോൾ പദ്ധതി നടപ്പിലാക്കിവരുന്നത് സി-ഡിറ്റ് മുഖേനയാണ്.

അംഗൻവാടികളുടെ ശോച്യാവസ്ഥ

30 (*300) ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly